20

# ഈശാവാസ്യ ഉപനിഷദ്
# ഒരു ശാസ്ത്ര വ്യാഖ്യാനം


**Dr. N. Gopalakrishnan**, Ph. D., D.Litt.
(Scientist & Director IISH)



ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018 www.iish.org

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 5


Scanned with CamScanner

# ഈശാവാസ്യ ഉപനിഷദ്
## ഒരു ശാസ്ത്ര വ്യാഖ്യാനം

ഡോ: എൻ. ഗോപാലകൃഷ്ണൻ

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻറിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് – 5

Scanned with CamScanner

ഈശാവാസ്യ ഉപനിഷദ് ഒരു ശാസ്ത്രവ്യാഖ്യാനം

**Dr. N. Gopalakrishnan** M.Sc. (pham), M.Sc. (Chem), M.A. (Soc), Ph.D

*Published by :*

**Indian Institute of Scientific Heritage (IISH)**
Regd. Charitable Trust 328/99/IV
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph. 490149) www.iish.org.

**Rs. 20/-**

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

| | |
|---|---|
| Beneficiary | : IISH Trivandrum |
| Ac No | : 57020795171 |
| IFSC | : SBIN0070030 |
| Bank | : SBI industrial estate, papanamcode Trivandrum-19 |

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

## ആമുഖം

വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നി പ്രകാരമാണ് വൈദിക ഗ്രന്ഥങ്ങളുടെ ക്രമീകരണം. ഈ നിരയിൽ അവസാനമായി വരുന്നതുകൊണ്ടാണ് ഉപനിഷത്തുകൾ, വേദാന്തങ്ങൾ എന്ന് അറിയപ്പെടുന്നത്. പ്രൗഢോജ്ജ്വലങ്ങളായ ഉപനിഷത്തുകൾ പത്തെണ്ണമാണെന്ന വിവരണമുണ്ട്. ദശോപനിഷത്തുകളുടെ നിലവാരം പുലർത്തുന്ന അത്രയുംതന്നെ ഉപനിഷത്തുകൾ കൂടിയുണ്ട്. എന്നാൽ പ്രധാന ഉപനിഷത്തുകൾ 108 എണ്ണമാണുള്ളത്. ഋഗ്വേദത്തിന് 10 ഉം, ശുക്ലയജുർവേദത്തിന് 19 ഉം, കൃഷ്ണയജുർവേദത്തിന് 32 ഉം, സാമവേദത്തിന് 16 ഉം അഥർവവേദത്തിന് 31 ഉം ഉപനിഷത്തുകളാണുള്ളത്. 108 ഉപനിഷത്തുകളെ തത്വചിന്തകളുടെ മഹത്വത്തിൻെറ അടിസ്ഥാനത്തിൽ ക്രമീകരിക്കുമ്പോൾ വൈദിക അടിസ്ഥാനം കാര്യമായിട്ടെടുക്കാറില്ല. അപ്രകാരമുള്ള ക്രമീകരണത്തിൽ ഒന്നാമത്തേതാണ് ഈശാവാസ്യ ഉപനിഷദ്. സമഗ്രമായ മാനവിക വിജ്ഞാന - കർമ്മ - ധർമ്മ - വീക്ഷണങ്ങളേയും 18 വരികളിൽ ഒതുക്കിയിരിക്കുകയാണ് ഈ ഉപനിഷത്തിൽ ചെയ്തിരിക്കുന്നത്. യജുർവേദത്തിൻെറ (അവസാനത്തിലെ) നാൽപതാം അദ്ധ്യായമാണ് **ഈശാവാസ്യ ഉപനിഷദ്.**

മനുഷ്യ ശരീരവും - ആത്മാവും, ദ്രവ്യവും - ദ്രവ്യഊർജ്ജവും, ജനനമരണങ്ങളുള്ളതും - ജനനമരണങ്ങളില്ലാത്തതും, പഞ്ചേന്ദ്രിയ ഗോചരങ്ങളായവയും - അപ്രകാരമല്ലാത്തതും, എന്നിങ്ങിനെ രണ്ട് വസ്തുതകൾ ഇണചേർന്ന് വിവരിക്കപ്പെടുന്ന വിജ്ഞാനവിഷയങ്ങളെ വ്യക്തമായി വർഗീകരിച്ച് വിവരിക്കുകയാണ് ഈശാവാസ്യ ഉപനിഷത്തിൽ ചെയ്തിരിക്കുന്നത്.

ആത്മീയ - മാനസീക- പ്രപഞ്ചചൈതന്യസംബന്ധിയായ വിജ്ഞാനം വിദ്യയെന്നും, ഭൗതീകവും ബാഹ്യവുമായ ശാസ്ത്രവിജ്ഞാനങ്ങളെ അവിദ്യയെന്നും വ്യക്തമായി നിർവചിച്ച് അവയുടെ രണ്ടിൻേറയും സമഗ്രജ്ഞാനമാണ് മനുഷ്യനുണ്ടാകേണ്ടത് എന്നുദ്ഘോഷിക്കുകയാണ് ഇതിലെ പ്രധാന വിഷയം

നോബൽ സമ്മാനാർഹനായ പ്രസിദ്ധ ഭൗതികശാസ്ത്രജ്ഞൻ പ്രൊഫ. ഇലിയ പ്രഗോജിൻെറ ഈ വരികൾ ആധുനിക ശാസ്ത്രത്തിൻെറ പന്ഥാവ് വിവരിക്കുന്നതാണ്. " ആധുനിക ശാസ്ത്രം ഭാരതീയ അദ്ധ്യാത്മീക ദർശനങ്ങളോട് അടുത്തുവരുകയാണ്. ഇവ രണ്ടും ഈ നൂറ്റാണ്ടിൽ തന്നെ ലയിച്ചു ചേരാൻ സാദ്ധ്യതയുണ്ട്". പ്രമുഖ ഭൗതിക ശാസ്ത്രജ്ഞനായ പ്രൊഫ. ഇ. സി. ജി. സുദർശൻെറ വരികളും, ഈ ഉപനിഷദ് തത്വത്തിൻെറ

Scanned with CamScanner

ശാസ്ത്രീയതയെ തന്നെയാണ് തെളിയിക്കുന്നത്. "മനുഷ്യനും പ്രപഞ്ചശക്തിയും തമ്മിലുള്ള ഐക്യത്തെ ആധുനിക ശാസ്ത്രവും സ്ഥിരീകരിക്കുന്നു". ദ്രവ്യത്തിന്റെ ഏറ്റവും അടിസ്ഥാന ഘടകമായ പരമാണുവിനെക്കുറിച്ചും അതിലടങ്ങിയിരിക്കുന്ന അത്യുജ്ജ്വല ശക്തിയെക്കുറിച്ചും മനസ്സിലാകുമ്പോൾ, ഞാനതിലെ ഈശ്വരചൈതന്യത്തെ കാണുന്നു എന്ന ആൽബർട്ട് ഐൻസ്റ്റീന്റെ വരികൾ ഇവിടെ വളരെ പ്രസക്തമാണ്. പ്രപഞ്ചത്തിൽ നിറഞ്ഞു നിൽക്കുന്ന ചൈതന്യം തന്നെ ഈശ്വര സാന്നിദ്ധ്യം വിളിച്ച് അറിയിക്കുന്നതാണെന്ന് പ്രസിദ്ധ ജ്യോതിശാസ്ത്രജ്ഞനായ പ്രൊഫ. റോബർട്ട് ഹോയലിന്റെ വരിയും ഉപനിഷദ് ചിന്താധാരയെ സ്ഥിരീകരിക്കുകതന്നെയാണ് ചെയ്യുന്നത്.

ദ്രവ്യങ്ങളെ വെറും പിണ്ഡങ്ങൾ മാത്രമായി കാണുന്നതിലുപരി, അവയിൽ ശാശ്വതങ്ങളായ ഊർജ്ജചൈതന്യമുണ്ടെന്നും, പിണ്ഡവും ഊർജ്ജചൈതന്യവും ചേർന്നതിനെ അവയുടെ ശാസ്ത്രീയാടിസ്ഥാനത്തിൽ വിശകലനം ചെയ്താലേ സമഗ്രശാസ്ത്രജ്ഞാനമാകൂ എന്നതും സംശയലേശമന്യേ ഈ ഉപനിഷദ് അരുളിച്ചെയ്യുന്നു. ആധുനിക ശാസ്ത്രം പറയുന്ന, The self aware Universe, Consciousness, creation of materials from awareness എന്നിവയെല്ലാം അടിസ്ഥാനപരമായി ഈശാവാസ്യ ഉപനിഷത്തിലെ വേലിക്കെട്ടിനുള്ളിൽ തന്നെ അടുക്കിയിരിക്കുന്ന വിചാരധാരകളാണ്. ആധുനിക ശാസ്ത്രം AD രണ്ടായിരത്തിൽ കണ്ടുപിടിച്ച ഈ അത്യാധുനിക ശാസ്ത്രതത്വം ഭാരതത്തിൽ BC രണ്ടായിരത്തിൽ പ്രചുരപ്രചാരത്തിലുണ്ടായിരുന്നു എന്ന് ഈ ഉപനിഷത്തിൽ കാണാം. ആധുനിക ശാസ്ത്രധാരകൾ ഈശാവാസ്യ ഉപനിഷത്തുപോലെയുള്ള പുരാതന ഭാരതീയ ഗ്രന്ഥങ്ങളിൽ എത്രമാത്രമുണ്ടെന്ന് വിശകലനം ചെയ്യുകയാണ് ഈ ലഘുവ്യാഖ്യാനം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്, പ്രസിദ്ധീകരിക്കുന്നതിന്റെ ലക്ഷ്യം.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്, ഭാരതീയ ചിന്താധാരകളുടെ ആധുനിക കാലഘട്ടത്തിലെ പ്രസക്തിയെക്കുറിച്ചന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ആ ശാസ്ത്ര ചിന്താധാരകൾ പഠിച്ചും പഠിപ്പിച്ചും കൊണ്ടിരിക്കുന്നു. ഈ പന്ഥാവിലൂടെയുള്ള പ്രയാണത്തിൽ ഒരു ദീപജ്വാലയായിട്ടാണ് ഈശാവാസ്യ ഉപനിഷദ് വ്യാഖ്യാനം നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നത്.

**ഡോ: എം. സാംബശിവൻ**
ചെയർമാൻ

**ഡോ: എൻ. ഗോപാലകൃഷ്ണൻ**
ഹോണ: ഡയറക്ടർ

Scanned with CamScanner

ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത്പൂർണ്ണമുദച്യതേ
പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ

**അതി സൂക്ഷ്മമായ പരമാണുവിലും അതിമഹത്തായ പ്രപഞ്ചത്തിലും നിറഞ്ഞു നിൽക്കുന്ന ചൈതന്യം പൂർണ്ണമാണ്. ഈ പൂർണ്ണത്തിൽ നിന്നുദിക്കുന്നതും ഉത്ഭവിക്കുന്നതും പൂർണ്ണമാകുന്നു. ഈ പൂർണ്ണചൈതന്യത്തിൽ, പൂർണ്ണം ഉത്ഭവിച്ചതിനുശേഷം അവശേഷിക്കുന്നതും പൂർണ്ണം തന്നെ.**

ആധുനിക ഊർജ്ജതന്ത്രവീക്ഷണത്തോടെ വിശകലനം ചെയ്താൽ വ്യക്തമാകുന്ന വസ്തുതയുണ്ട്. ഓരോ പരമാണുവിലും നിറഞ്ഞുനിൽക്കുന്നത് പ്രപഞ്ചഊർജ്ജത്തിന്റെ ഭാഗംതന്നെയാണ്. അതിവേഗത്തിൽ ഭ്രമണം ചെയ്യുന്ന പ്രപഞ്ചഗോളങ്ങളിൽ കാണുന്നതും സർവ്വ ജീവജാലങ്ങളിലേയും കോശാന്തർഭാഗത്ത് പ്രവർത്തനനിരതമായിരിക്കുന്നതും ഇതേ ചൈതന്യം തന്നെയാണ്.

ഭൗതീക ശാസ്ത്രത്തിലൂടെ വ്യക്തമാക്കാവുന്നതാണീ വിവരണം. ഒരഗ്നിജ്വാല ഊർജ്ജ നിലവാരത്തിൽ പൂർണ്ണമാണ്. അതിൽ നിന്ന് എത്രയും തിരികൾ കത്തിച്ചാലും, എത്രയും അഗ്നിനാളങ്ങൾ അതിനോടുചേർത്താലും അഗ്നിയുടെ സ്വഭാവ ഗുണവിശേഷങ്ങൾ പൂർണ്ണമായിത്തന്നെ നിലനിൽക്കുന്നു.

ഗണിതശാസ്ത്രത്തിലും, പൂർണമായത് അനന്തം അഥവാ infinity പൂർണമായിത്തന്നെ അവശേഷിക്കുന്നു. ജീവ ശാസ്ത്രത്തിലും, ഈ പരിപൂർണ്ണസ്വഭാവം വ്യക്തമാക്കുന്ന ഉദാഹരണങ്ങളുണ്ട്. സസ്യലതാദികൾ ഉൽപാദിപ്പിക്കുന്ന വിത്തുകളിൽ അതിന്റെ മാതൃവൃക്ഷം പൂർണ്ണമായിതന്നെ അടങ്ങിയിരിക്കുന്നു. ഓരോ ബാക്റ്റീരിയായും, അമീബയും രണ്ടായി പിളർന്ന് രണ്ട് സൂക്ഷ്മ ജീവികളായി വംശം വർദ്ധിപ്പിക്കുമ്പോഴും പൂർണ്ണമായവതന്നെ ഒന്നിൽ നിന്നുൽഭവിക്കുന്നു. പൂർണ ജീവികളിൽ നിന്നും പൂർണ ജീവികൾ തന്നെ ജനിക്കുന്നു. പൂർണമനുഷ്യ സൃഷ്ടി പൂർണമനുഷ്യനിൽ നിന്നുമാണല്ലോ സംഭവിക്കുന്നതും. അവശേഷിക്കുന്നത് പൂർണ്ണമായിതന്നെയിരിക്കുകയും ചെയ്യുന്നു.



Scanned with CamScanner

1. ഈശാവാസ്യമിദം സർവ്വം യത്കിഞ്ച ജഗത്യാം ജഗത്
തേന ത്യക്തേന ഭുഞ്ജീഥാഃ മാ ഗൃധഃ കസ്യസ്വിദ്ധനം

ഈശൻ ജഗത്തിലെല്ലാമാവസിക്കുന്നതുകൊണ്ടു നീ
ചരിക്കമുക്തനായാശിക്കരുതാരുടെയും ധനം

പരമാണുവിലും, അതിമഹത്തിലും, ജീവജാലങ്ങളിലും വസിക്കുന്ന ചൈതന്യത്തിൽ രണ്ടു ഘടകങ്ങളുണ്ട്. ഒന്ന് ഊർജ്ജം; ആധുനിക ശാസ്ത്രഭാഷയിൽ Energy. രണ്ടാം ഘടകമാകട്ടെ, **സ്വബോധം** അഥവാ **awareness, consciousness** എന്നു വിവരിക്കാം. വ്യക്തമായ പ്രവർത്തന ദിശാബോധമാണത്. ഈ രണ്ടു വ്യക്തമായ ഗുണങ്ങളുമുള്ള ചൈതന്യത്തെ വ്യാവഹാരിക ഭാഷയിൽ ഈശ്വരൻ, ഈശൻ, ബ്രഹ്മചൈതന്യം എന്നും പറയുന്നു.

**ഈ പ്രപഞ്ചത്തിലെ സർവ്വതും ഇപ്രകാരമുള്ള** (ബ്രഹ്മ) **ചൈതന്യം അഥവാ ഈശൻ വസിക്കുന്നതാകുന്നു.** ഏതെല്ലാം ദ്രവ്യങ്ങളുണ്ടെങ്കിലും അതിലെല്ലാമുണ്ട് ബ്രഹ്മചൈതന്യം. **ഈ ചൈതന്യത്താൽ സൃഷ്ടിക്കപ്പെട്ടവയെല്ലാം** (തേന ത്യക്തേന) **കർമ്മ മണ്ഡലത്തിലുപയോഗിക്കാവുന്നതാണ്** (ഭുഞ്ജീഥ). **പ്രപഞ്ച ചൈതന്യത്തിൻെറ പ്രവർത്തന മണ്ഡലത്തിന്നപ്പുറം, മറ്റൊരു ചൈതന്യവും ആരും തന്നെ** (ഒരു വ്യക്തിയും) **സൃഷ്ടിക്കുന്നില്ല. മറ്റൊന്നിൻേറയും ധനം (സൃഷ്ടിയും) ഇവിടമില്ലതന്നെ.** പ്രപഞ്ചനിയമമനുസരിച്ചുള്ള പന്ഥാവാണ് സർവ്വചരാചരങ്ങളുടേയും കർമ്മത്തിൻെറ ആസ്തിത്വ മാർഗം.

രസതന്ത്രത്തിൻെറ അടിസ്ഥാന നിയമങ്ങളാൽ മേൽ വിവരിച്ച ശ്ലോകാർത്ഥം വ്യക്തമാക്കാവുന്നതാണ്. ഓരോ ദ്രവ്യത്തിൻെറ അണുവിലും (atom) തന്മാത്രയിലും (Molecule) 'സ്വബോധ' ത്തോടെയുള്ള ഊർജ്ജസാന്നിദ്ധ്യമുണ്ട്. വ്യക്തമായ പന്ഥാവിലൂടെ മാത്രമേ രാസപ്രവർത്തനം (Chemical reaction) നടക്കൂ. ഈ പന്ഥാവിൻെറ നിയമസ്രഷ്ടാവാകട്ടെ പ്രകൃതിതന്നെയാണ്. The direction of Chemical reaction, Chemical energy എന്നീ പ്രയോഗങ്ങൾ രസതന്ത്രത്തിൽ സാധാരണയാണ്. ഈ ദിശയിലുള്ള രാസപ്രവർത്തന ഫലമായുണ്ടാകുന്ന പ്രകൃതിദത്തമായ ദ്രവ്യം (product) ഉപയോഗിക്കാം. ജലത്തിലിട്ടാൽ ആളിക്കത്തുന്ന



Scanned with CamScanner

വിഷമയമായ സോഡിയവും പൂർണവിഷവാതകമായ ക്ലോറിനും പ്രപഞ്ച നിയമത്തിലൂടെ സമഗ്ര ഊർജ്ജസാന്നിദ്ധ്യത്തിൽ ചേർന്നാണ് സ്വാദിഷ്ടമായ (വിഷമില്ലാത്ത) ലവണം (Sodium chloride) മനുഷ്യോപയോഗത്തിനായി പ്രകൃതിക്കനുസൃതമായി ഉണ്ടായത് - അതുപോലുള്ളതുപയോഗിച്ചാലും, എന്നതാണ് ഈ ശ്ലോകനിർദ്ദേശം.

ആധുനികജീവശാസ്ത്രത്തിനും ഉദാഹരണമായി വിവരിക്കുവാനുണ്ട്. ഈശ്വരചൈതന്യം വസിക്കുന്ന (Biochemical energy + Consciousness) അണ്ഡവും ബീജവും ഒരേ സസ്യ/ജന്തു വിഭാഗത്തിൽപ്പെട്ട ജീവജാലങ്ങളിലേതു തമ്മിൽ മാത്രമേ ചേർന്ന് പ്രജനനം സാധ്യമാകൂ. അതാണ് പ്രകൃതിയുടെ നിയമമായ സൃഷ്ടി. മറ്റൊരു പന്ഥാവ് പ്രകൃതിക്കസ്വീകാര്യമാണ് (ശാസ്ത്രജ്ഞൻെറ ശക്തിക്കടിമപ്പെട്ട് മറ്റൊരു ഉൽപ്പന്നം - അഥവാ ജീവി/സസ്യം ഉണ്ടായാൽ ജ്ഞാതാജ്ഞാതങ്ങളായ ദോഷഫലങ്ങൾ ഉണ്ടാകാം). മനുഷ്യൻെറ നിയന്ത്രണത്തിന്നതീതമാകാം, ഈ വസ്തുക്കളുടെ പരിണത ദോഷങ്ങൾ!

2. **കുർവ്വന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതംസമാഃ**

**ഏവം ത്വയി നാന്യഥേതോഽസ്തി ന കർമ്മ ലിപ്യതേ നരേ**

അല്ലെങ്കിലന്ത്യംവരെയും കർമ്മം ചെയ്തിങ്ങസംഗനായ്

ഇരിക്കുകയിതല്ലാതില്ലൊന്നും നരനു ചെയ്യുവാൻ.

**പ്രപഞ്ച ചൈതന്യത്തിൻെറ വ്യക്തമായ മാർഗരേഖയിലൂടെ ചലിച്ച് നൂറുവർഷം ജീവിക്കുക. ഈ പന്ഥാവിൽ നിന്ന് വ്യതി ചലിച്ച് മറ്റൊന്ന് സ്വയം സൃഷ്ടിച്ച് ജീവിക്കേണ്ടതില്ല. മനുഷ്യൻ സ്വന്തം സൃഷ്ടിയിൽ മുഴുകേണ്ടതുമില്ല.**

ആധുനികശാസ്ത്രത്തിൻെറ മാർഗനിർദ്ദേശം അവസാനിക്കുന്നതുതന്നെ പ്രകൃതിക്കനുയോജ്യമായ (Eco friendly) കർമ്മത്തിന്നാഹ്വാനം ചെയ്തുകൊണ്ടാണ്. അതിൽനിന്നും വ്യതിചലിച്ചതിൻെറ പരിണതഫലം, സമൂഹം അനുഭവിക്കാൻ തുടങ്ങിയിരിക്കുന്നു. 1998 വരെ മുപ്പതിലധികം ചികിത്സയില്ലാത്ത രോഗങ്ങൾ ഉണ്ടാകുവാൻ കാരണം, അറിഞ്ഞോ അറിയാതേയോ



Scanned with CamScanner

ആധുനിക ശാസ്ത്ര സംഭാവനയായ, പ്രകൃതിക്കനുകൂലമല്ലാത്ത ഉൽപന്നങ്ങളുടേയും പന്ഥാവുകളുടേയും ഉപയോഗമാണ്.

രസതന്ത്രസംയുക്തങ്ങളായി ഉൽപാദിപ്പിക്കപ്പെടുന്ന വിഷങ്ങൾ ശതായുഷിയാകാനാഗ്രഹിക്കുന്ന മനുഷ്യജീവിതം ദുഃസ്സഹമാക്കിയിരിക്കുന്നു. മനുഷ്യകർമ്മഫലത്താൽ അന്തരീക്ഷ ഊഷ്മാവ് 1°C ശരാശരി വർദ്ധിച്ചാൽ സമുദ്രജലനിരപ്പ് 4 മീറ്റർ ഉയരുമെന്ന് ഊർജ്ജതന്ത്രമതം. Eco friendly, natural, nonsynthetic, biodegradable എന്നീ ആധുനികശാസ്ത്ര പദങ്ങളാൽ സൂചിപ്പിക്കുന്നത് പ്രകൃതിയിലേക്ക് മടങ്ങുവാനുള്ള ആധുനിക ശാസ്ത്രത്തിൻെറ ആഹ്വാനമാണ്. ഈ ഉപനിഷദ് വരിയുടേയും ആഹ്വാനം അതുതന്നെയാണല്ലോ!

3. **അസുര്യാ നാമ തേ ലോകാ അന്ധേന തമസാഽവൃതാഃ**

**താംസ്തേ പ്രേത്യാഭിഗച്ഛന്തി യേ കേ ചാത്മഹനോ ജനാഃ**

ആസുരം ലോകമൊന്നുണ്ടുകൂരിരുട്ടാലതാവൃതം

മോഹമാർന്നാത്മഹന്താക്കൾ പോകുന്നുമൃതരായതിൽ

**സുഖസന്തോഷാദികളുടെ അംശമില്ലാത്ത ഒരു ആസുരിക, നരകതുല്യമായ, പൂർണമായും കൂരിരുട്ടിനാൽ ആവൃതമായിട്ടിരിക്കുന്ന ഒരു ലോകമുണ്ട്. നാശോന്മുഖമായ കർമ്മത്തിലൂടെ, ഈ ലോകത്തിലേക്കാണ് ഇവർ (പ്രകൃതി നിയമത്തിനെതിരായി പ്രവർത്തിക്കുന്നവർ) ജനങ്ങളെ നയിക്കുന്നത്.** ജനതതിയുടെ സർവനാശമായിരിക്കും ഇത്തരം കർമ്മത്തിൻെറ പരിണതഫലം.

രണ്ടാം ശ്ലോകത്തിൻെറ തുടർച്ചയായ ഈ വരികൾക്ക് ആധുനിക ശാസ്ത്രത്തിൽനിന്നും വ്യക്തമായ ഉദാഹരണങ്ങൾ നൽകാനാകും. വായുവിനേയും, ജലത്തേയും, അന്തരീക്ഷത്തേയും, ഭൂമിയേയും, പുനഃശുദ്ധീകരണത്തിന് അസാദ്ധ്യമാംവിധം മലിനീകരിക്കപ്പെടുന്നതിനാൽ മാറാരോഗവും, ദുഃഖവും, വേദനയുമുള്ള ഒരു ആസുരിക തമോലോകം ഇവിടെ സൃഷ്ടിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. പുതിയ രോഗങ്ങൾ, ശക്തമായ രോഗാണുക്കൾ, മനുഷ്യനിലെ പ്രതിരോധ ശക്തിക്കുറവ്......... അന്ധകാരത്തി ലേക്കുള്ള പുതിയവഴിയാണിത്.



Scanned with CamScanner

4. അനേജദേകം മനസോജവീയോ
നൈനദ്ദേവാ ആപ്നുവൻ പൂർവ്വമർഷത്
തദ്ധാവതോഽന്യാനത്യേതി തിഷ്ഠത്
തസ്മിന്നപോ മാതരിശ്വാ ദധാതി.

ഇളകാതേകമായേറ്റം ജിതമാനസവേഗമായ്
മുന്നിലാമതിലെത്താതെ നിന്നുപോയിന്ദ്രിയാവലി
അതുനിൽക്കുന്നു പോകുന്നിതോടുമന്യത്തിനപ്പുറം
അതിൻപ്രാണസ്പന്ദനത്തിന്നധീനം സർവ്വകർമ്മവും

പ്രപഞ്ചത്തിലെ സർവ്വകർമ്മധർമ്മങ്ങളും നിയന്ത്രിക്കുന്ന ഒരു ചൈതന്യമുണ്ട്. പ്രകൃതിയുടെ സമഗ്ര പ്രവർത്തനങ്ങളും (സൃഷ്ടിയും, സ്ഥിതിയും സംഹാരവും) ഈ ചൈതന്യത്തിന്നധീനമാണ്. **ചലനമില്ലാത്തതുപോലെ കാണുന്ന ഈ ചൈതന്യത്തിന് മനസ്സിനേക്കാൾ വേഗതയുണ്ട്. സർവ്വജീവജാലങ്ങളിലും അത് ആത്മ ചൈതന്യ രൂപത്തിൽ വസിക്കുന്നു. ജീവികളുടെ പ്രാണസ്പന്ദനം ഈ ചൈതന്യത്താൽ നടക്കുന്നു.**

ആധുനിക ശാസ്ത്രത്തിനനുസൃതമായി ലോകവ്യാപകമായി തന്നെ ചില പദപ്രയോഗങ്ങൾ ഇന്ന് നിലവിൽ വന്നിട്ടുണ്ട്. **"പ്രകൃതിക്കൊരു താളമുണ്ട്" "അത് പ്രകൃതി നിയമമാണ്" "ജീവജാലങ്ങളുടെ സഹജസ്വഭാവമാണ്"** ഇതേപ്രയോഗം ഇംഗ്ലീഷിലുമുണ്ട്. **It is natural ..... it is nature's rule ..... It is not against nature, .... The self aware universe.** ഈ **പ്രകൃതിചൈതന്യമാണിവിടത്തെ വിഷയം.**

ഈ പദങ്ങളിലെല്ലാം സൂചിപ്പിക്കുന്നത്, ഒരു പ്രപഞ്ച ചൈതന്യത്തെക്കുറിച്ചും അതിന്റെ നിയമങ്ങളെക്കുറിച്ചും തന്നെയാണ്. ഇതിന്റെ വ്യക്തമായ 'നിർദ്ദേശ'ത്തോടെയാണ് എല്ലാ രാസ–ജൈവ–രസതന്ത്ര–പ്രക്രിയകളും നടക്കുന്നതെന്ന് നാം ശ്രദ്ധിച്ചാൽ കാണാം. ഭൂമിയിലെ ഓരോപ്രദേശത്തും അവിടങ്ങളിലുള്ള ജീവജാലങ്ങൾക്കനുസൃതമായി അന്തരീക്ഷതാപം നിലനിർത്തുവാൻ സാധിക്കുന്നു. പ്രകൃതി യുടെ നിയമം അലംഘനീയമായി സൃഷ്ടിസ്ഥിതി



Scanned with CamScanner

സംഹാരത്തിനായി പാലിച്ചു കൊണ്ടേയിരിക്കുന്നു. പ്രപഞ്ച ചൈതന്യനിയമമാണിത്!

5. **തദേജതി തന്നൈജതി തദ്ദൂരേ തദ്വന്തികേ**

**തദന്തരസ്യ സർവ്വസ്യ തദു സർവ്വസ്യാസ്യബാഹ്യതഃ**

അതുലോലമതലോലം അതു ദൂരമതന്തികം

അതു സർവ്വാന്തരമതു സർവ്വത്തിന്നും പുറത്തുമാം

**എല്ലാത്തിനേയും നിരന്തരം ചലനാത്മകമാക്കുന്ന ഈ ചൈതന്യം ചലനമില്ലാതെ നിൽക്കുന്നു. (നിൽക്കുന്നതായി തോന്നുന്നു) അത് അകലേയും അടുത്തുമുണ്ട്. സർവ്വചരാചരങ്ങൾ ക്കകത്തും അവയ്ക്ക് പുറത്തുമുണ്ട്.**

പ്രപഞ്ചത്തിലെ സർവതിലും ചൈതന്യമുണ്ടെന്ന് ആധുനിക ഊർജ്ജതന്ത്രം അടിവരയിട്ടു പറയുന്നു. Entropy, enthalpy എന്നി പദങ്ങൾ ഓരോ system ത്തിൻേറയും ഊർജ്ജ അളവാണ് സൂചിപ്പിക്കുന്നത്. Energy content of the system എന്നാണ് ഭൗതികശാസ്ത്രവിവരണം. ഉയരത്തിൽ ചലനമില്ലാതെ വർത്തിക്കുന്ന ഒരു ദ്രവ്യത്തിൽ Potential energy നിറഞ്ഞുനിൽക്കുന്നുണ്ട്. പ്രകാശവർഷങ്ങൾക്കപ്പുറം അതിവേഗത്തിൽ ഭ്രമണം ചെയ്യുന്ന ജ്യോതിർഗോളങ്ങളിലും Kinetic energy നിറഞ്ഞു തുളുമ്പുന്നു. നാം വസിക്കുന്ന ഭൂമിയിലും, നമ്മെ സ്പർശിക്കുന്ന വായുവിൻെറ തന്മാത്രകളിലും കാണുന്ന ഊർജ്ജം തന്നെ അതേരൂപത്തിലോ മറ്റേതെങ്കിലും രൂപത്തിലോ, നമ്മുടെ ഉള്ളിലെ ഹൃദയ പ്രവർത്തനത്തിലും രക്തചംക്രമണത്തിലും, ശരീരതാപം നിലനിർത്തുന്നതിലുമുണ്ട്. ജീവജാലങ്ങളുടെ ശരീരത്തിലെ ഓരോ ജൈവരാസപ്രവർത്തനവും Biochemical energy യായി ശരീരത്തിൽ വർത്തിക്കുന്നു. മേൽ വിവരിച്ച ഊർജ്ജസാന്നിദ്ധ്യത്തിനോ, പ്രവർത്തനത്തിനോ മനുഷ്യന് ഒരു നിയന്ത്രണവും, പ്രകൃതി ക്കനുസൃതമല്ലാതെ, ഏർപ്പെടുത്തുക സാദ്ധ്യവുമല്ല തന്നെ. ഈ ഊർജ്ജമെല്ലാം പരസ്പരം (Interconvertible) ബന്ധപ്പെടുത്താ വുന്നതുമാണ്.



Scanned with CamScanner

6. യസ്തു സർവ്വാണി ഭൂതാന്യാത്മന്യേവാനുപശ്യതി

സർവ്വഭൂതേഷു ചാത്മാനം തതോന വിജുഗുപ്സതേ

സർവ്വഭൂതവുമാത്മാവിലാത്മാവിനെയുമങ്ങനെ

സർവ്വഭൂതത്തിലും കാണുമവനെന്തുള്ളു നിന്ദ്യമായ്.

ഭൗതികശാസ്ത്രവിവരണങ്ങളിൽ നിന്നും, തത്വശാസ്ത്ര പരമായ വിക്ഷണത്തിലേക്കുള്ള മാറ്റമാണ് ഈ ഉപനിഷദ് ശ്ലോകം.

**മേൽവിവരിച്ച ചൈതന്യം സർവ്വചരാചരങ്ങളിലുമുണ്ട്. എന്നിലും (നമ്മിലും) നിന്നിലും (നിങ്ങളിലും) ഒരേ ചൈതന്യ സാന്നിദ്ധ്യമായതുകൊണ്ട്, എല്ലാത്തിലും ആ ചൈതന്യത്തെ ദർശിക്കുവാൻ സാധിക്കുന്നവൻ (ആത്മീയാചാര്യനായ ഋഷിവര്യനാണെങ്കിലും, ഭൗതിക ശാസ്ത്രജ്ഞനാണെങ്കിലും) ജീവജാലങ്ങളിൽ വ്യത്യാസം കാണുന്നില്ല. ഒന്നിനെയും നിന്ദിക്കുന്നുമില്ല.**

ഊർജ്ജസ്രോതസ്സിലെ strong force, weak force, gravitational force, electrostatic force- എന്നി നാല് വിധ ശക്തികളെ മൂന്ന് ആക്കിമാറ്റുവാൻ സാധിക്കുമെന്ന് ഊർജ്ജതന്ത്ര ശാസ്ത്രജ്ഞന്മാർ തെളിയിക്കുകയുണ്ടായി. ഇവ നാലും ഒന്നിൻെറ തന്നെ വ്യത്യസ്തഭാവങ്ങളാണെന്ന്, അടുത്ത നൂറ്റാണ്ടിലെ ആദ്യ ദശാബ്ദത്തിൽ തെളിയിക്കപ്പെടുമെന്ന് അവർ വിശ്വസിക്കുന്നുമുണ്ട്. ഇതുപ്രകാരം പ്രപഞ്ചത്തിലെ സർവശക്തികളും ഒരു സ്രോതസ്സിൽ നിന്നുൽഭവിക്കുന്നു എന്ന് വ്യക്തം. അതേ ചൈതന്യം ജീവനില്ലാത്തതിൽ Mechanical (Physical) energy ആയും ജീവജാലങ്ങളിൽ Biochemical energy ആയും വർത്തിക്കുന്നു. പരമാത്മ ചൈതന്യത്തിന് പ്രപഞ്ചവും (Macrocosm) ആത്മ ചൈതന്യത്തിന് ജീവശരീരങ്ങളും (microcosm) ആധാരമായിത്തീരുന്നു എന്നും കാണാം.

സസ്യങ്ങളിലേയും ജന്തുക്കളിലേയും ഓരോ കോശത്തിലും നടക്കുന്ന രാസപ്രവർത്തനങ്ങളുടെ ദിശയും, രീതിയും, അതിനായുള്ള രാസവസ്തുക്കളും, എൻസൈമുകളും തമ്മിലുള്ള അത്ഭുതകരമായ ബന്ധങ്ങളും ജീവശാസ്ത്രം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. അത്ഭുതകരവും അതിബൃഹത്തുമായ ഒരു സുദീർഘ ജീവരസതന്ത്ര ശൃംഖല എല്ലാ ജിവകോശങ്ങളിലും ഏതാണ്ട് ഒരേപ്രകാരം നടക്കുന്നു എന്നതാണി ഏക പന്ഥാവ്. (Anabolism and catabolism).



Scanned with CamScanner

7. യസ്മിൻ സർവ്വാണി ഭൂതാന്യാത്മൈവാഭൂദ്വിജാനതഃ
'തത്ര കോ മോഹഃ കഃ ശോകഃ 'ഏകത്വമനുപശ്യതഃ

തന്നിൽ നിന്നന്യമല്ലാതെയെന്നു കാണുന്നു സർവ്വവും
അന്നേതു മോഹമന്നേതു ശോകമേകത്വ ദൃക്കിന്.

വീണ്ടും തത്വദർശനത്തിൻെറ പന്ഥാവിലൂടെയാണ് ഈ ശ്ലോകവും വിവരിക്കുന്നത്.

**സർവ്വചരാചരങ്ങളിലും ഒരേ തേജസ്സിൻെറ സാന്നിദ്ധ്യം ദർശിക്കുവാൻ സാധിക്കുന്ന ഋഷിവര്യനും ശാസ്ത്രജ്ഞനും, ചരാചരങ്ങളിലെ രൂപ-ഭാവ ഭേദങ്ങളിൽ മോഹിക്കുകയോ ദുഃഖിക്കുകയോ ചെയ്യുന്നതെങ്ങിനെ? അവർ ഏകപ്രപഞ്ച ചൈതന്യ ദ്രഷ്ടാക്കളാണല്ലോ!**

ഇവിടെ ഭൗതികശാസ്ത്രത്തിലെ മനഃശാസ്ത്രതത്വത്തെയാണ് ഉപനിഷദ് സൂചിപ്പിക്കുന്നത്. എല്ലാ വിചാര-വികാരങ്ങളും മനസ്സിൻെറ സൃഷ്ടിയാണ്. മനസ്സിൻെറ ഉറവിടമാകട്ടെ ശരീരവും, ശാശ്വതമല്ലാത്ത ശരീരത്തെ പ്രവർത്തിപ്പിക്കുന്നത് ജഗത്തിലെല്ലായിടത്തുമുള്ള ഒരേചൈതന്യം തന്നെ. അതെല്ലാവരിലും ഒന്നുപോലെയെങ്കിൽ, വിചാരവികാരങ്ങളിൽ മതിമറക്കേണ്ടതില്ലതന്നെ! ഇവിടെ ജീവശാസ്ത്രവിശകലനവും സാദ്ധ്യമാണ്. ജീവജാലങ്ങളുടെ ശരീരം നിശ്ചേഷ്ടമാകുന്നതും, ജഡശരീരം ജീർണിച്ചില്ലാതാകുന്നതും, അതിലെ ചൈതന്യം പ്രപഞ്ചത്തോട് ചേർന്ന് പോയ് മറയുമ്പോൾ മാത്രമാണ്. ജീർണിച്ചുപോയ ശരീരത്തിനും പ്രപഞ്ചത്തോട് ചേർന്ന ജീവചൈതന്യത്തിനും. ഈ വികാരവിചാരങ്ങളെ സ്ഥിരമായി നിർത്തുവാൻ സാധിക്കുന്നില്ലെങ്കിൽ, അതിനെക്കുറിച്ച് ചിന്തിച്ച് അവശനാകുന്നതെന്തിന്? ഭൗതികവും ഉപരിപ്ളവവുമായചിന്തകളിൽ നിന്ന് ഉയരേണ്ട മാനസികാവസ്ഥയെയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

**സപര്യാഗാച്ഛുക്രമകായമവ്രണം**

**അസ്നാവിരംശുദ്ധമപാപവിദ്ധം**

**കവിർമനീഷീ പരിഭൂഃ സ്വയംഭൂർയ്യാഥാതഥ്യതോർത്ഥാൻ**

**വ്യദധാച്ഛാശ്വതീഭ്യഃ സമാഭ്യഃ**



Scanned with CamScanner

പങ്കമറ്റങ്കമില്ലാതെ പരിപാവനമായ് സദാ
മനസ്സിൻമനമായ് തന്നിൽതന്നിയേ പ്രോല്ലസിച്ചിടും
അറിവാൽ നിറവാർന്നെല്ലാമറിയും പരദൈവതം
പകുത്തു വെവ്വേറായ് നൽകി മുൻപോലീ വിശ്വമൊക്കെയും.

**ചരാചരങ്ങളിൽ വ്യാപിച്ചിരിക്കുന്ന തേജോമയമായ ചൈതന്യം ശരീരരഹിതമാണ്. അത് നാശമില്ലാത്തതും, (ജീവനുള്ള ശരീരത്തിലേതുപോലെ) ഞരമ്പുകളില്ലാത്തതും, ശുദ്ധവും, കളങ്കരഹിതവും ആകുന്നു. ഇതാകട്ടെ സ്വയം ജനിച്ചതും എല്ലാത്തിനേയും വലയംവയ്ക്കുന്നതും, ശാശ്വതവും പ്രപഞ്ചത്തെ കർമ്മനിരതമാക്കുന്നതുമത്രെ.**

ഊർജ്ജം, വ്യത്യസ്ത അളവിലാണെങ്കിലും എല്ലാത്തിലു മടങ്ങിയിരിക്കുന്നു. അതിന് രൂപവും ഭാവവുമില്ലതന്നെ. Potential energy ഉയരത്തിലിരിക്കുന്ന വസ്തുവിലും, Kinetic energy ചലിച്ചു കൊണ്ടിരിക്കുന്ന വസ്തുവിലും, Heat energy അതുമായി ബന്ധപ്പെട്ട വസ്തുവിലും, Magnetic energy കാന്തത്തിൽ ചേർന്ന് മാത്രവും വർത്തിക്കുന്നു. Energy ക്ക് സ്വന്തമായ അസ്തിത്വമില്ല. ഊർജ്ജത്തെ ഘനീഭവിപ്പിച്ച് ദർശിക്കുവാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ അപദ്രവ്യങ്ങൾ, ദ്രവ്യങ്ങളിലെ ഊർജ്ജത്തെ ബാധിക്കുന്നില്ല. ഈ ഊർജ്ജം നാശരഹിതമായതിനാലും സ്വയം ജനിച്ചതിനാലുമാണ്. ആധുനികശാസ്ത്രം ഇപ്രകാരം നിർവചിക്കുന്നത്. Energy can neither be created nor be destroyed (conservation of energy യുടെ നിയമം) പ്രപഞ്ചത്തിലെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളുടെ സംതുലിതഭാവം നിലനിർത്തുന്നത് ഈ ചൈതന്യമായതിനാൽ **കവികളും, ശാസ്ത്രജ്ഞന്മാരും, ഋഷിവര്യന്മാരും ഇതിനെ സുദീർഘമായി അവരവരുടെ ദൃഷ്ടികോണിലൂടെ വ്യാഖ്യാനിക്കുന്നു.**

ജീവശാസ്ത്രപരമായി, വളരുന്ന ജീവികളിൽ ഉണ്ടാകുന്ന ഓരോ കോശത്തിലും ഈ ജീവചൈതന്യവും സ്വയം ജനിക്കുന്നു. നശിക്കുന്നതിൽനിന്നും അത് സ്വയം നീക്കം ചെയ്യപ്പെടുകയും ചെയ്യുന്നു. സ്വന്തമായി ആകൃതിയൊന്നുമില്ലാത്ത ജീവചൈതന്യം ഓരോ സെല്ലിലേയും ജീവരാസപ്രവർത്തനത്തേയും, ജനന, വർദ്ധന, പരിണാമ, ക്ഷയ, നാശാദിഭാവങ്ങളേയും വ്യക്തമായി നിയന്ത്രിക്കുന്നു. എന്നതാണ് ശാസ്ത്രസത്യം. ഉപനിഷദ്സത്യവും അതുതന്നെ.



Scanned with CamScanner

11. വിദ്യാം ചാവിദ്യാംച യസ്തദ്വേദോഭയംസഹ
അവിദ്യയാ മൃത്യും തീർത്വാ വിദ്യയാമൃതമശ്നുതേ

വിദ്യാവിദ്യകൾരണ്ടും കണ്ടറിഞ്ഞവരവിദ്യയാൽ
മൃത്യുവെത്തരണംചെയ്തു വിദ്യയാലമൃതാർന്നിടും

(പതിനൊന്നാമത്തെ ഈ ശ്ലോകം വിവരിച്ചതിനുശേഷം 9, 10 ശ്ലോകങ്ങൾ വ്യാഖ്യാനിക്കുന്നതാണെളുപ്പം) ദൃഷ്ടിഗോചരമായതും വ്യക്തമായി രൂപഭാവങ്ങളറിയുവാൻ സാധിക്കുന്നതുമായ ഗവേഷണ പഠനമാർഗ്ഗങ്ങളാണ് ഭൗതീകശാസ്ത്രത്തിൻേറത്. മാനസികവും ശരീരതേജസ്സുമായി ബന്ധമുള്ള വസ്തുതകളെ അനുഭവിച്ചറിയുവാൻ മാത്രം സാധിക്കുന്നതുമാണ്, ഉപനിഷത്തുകളുടെ ആത്മീയ ദർശനപന്ഥാവ്. ഈ രണ്ടു മാർഗങ്ങളിൽ ആധുനിക ശാസ്ത്രജ്ഞാനം അവിദ്യയെന്നും, ആന്തരീക ആത്മീയ ജ്ഞാനം വിദ്യയെന്നും അറിയപ്പെടുന്നു. ഇവയുടെ പ്രാധാന്യത്തെക്കുറിച്ചാണ് ഉപനിഷദ്ശ്ലോകവിവരണം.

**ആന്തരിക ആത്മീയജ്ഞാനമായവിദ്യ, ഭൗതിക ബാഹ്യ ജ്ഞാനമായ അവിദ്യ എന്നിങ്ങിനെ, ജ്ഞാനം രണ്ടുവിധമത്രെ. ബാഹ്യമായ ഭൗതികജ്ഞാനത്താൽ എല്ലാ ഭൗതിക ദുഃഖങ്ങളിൽ നിന്നും മോചനം നേടുകയും, ആത്മീയ ജ്ഞാനത്താൽ അമരത്വത്തെ പ്രാപിക്കുകയുമാണ് ജീവിതലക്ഷ്യം.**

ആധുനികവും അത്യാധുനികവുമായ ശാസ്ത്രജ്ഞാനം അത്യന്താപേക്ഷിതമാണെന്നും അതിനോട് ചേർന്നുതന്നെ ഉണ്ടായിരിക്കേണ്ടതാണ് ആത്മീയജ്ഞാനമെന്നും ഈ വരികൾ വ്യക്തമാക്കുന്നു. രണ്ടുവിധ ജ്ഞാനങ്ങളുടെ മാർഗ-ലക്ഷ്യങ്ങളും അതാതു വരിയിൽ വിവരിക്കുന്നുമുണ്ട്. ജ്ഞാനത്തെ എങ്ങിനെയാണ് രണ്ടായി ഭാഗിക്കുക എന്ന സംശയം സ്വാഭാവികമായും ഉദിക്കാം. ജ്യോതിശാസ്ത്ര (astronomy) ഉദാഹരണത്തിലൂടെ ഈ സംശയം ദൂരീകരിക്കാം. പ്രപഞ്ചത്തിൽ കാണുന്ന ജ്യോതിർഗോളങ്ങൾ ഒരു മഹത്തായ പൊട്ടിത്തെറിയിലൂടെ – Big bang theory – ഉണ്ടായതത്രെ. ആധുനികശാസ്ത്രത്തിന് ഈ വിഷയത്തെക്കുറിച്ച് ഗഹനമായ ജ്ഞാനം ലഭിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ പൊട്ടിത്തെറിയുടെ ഭൗതീകജ്ഞാനമാണ്. എങ്ങിനെ, എവിടെ വെച്ച്, എപ്പോൾ, ഏതെല്ലാം പ്രകാരത്തിൽ ഈ



Scanned with CamScanner

പൊട്ടിത്തെറി സംഭവിച്ചു എന്നതിനുത്തരം നൽകുന്നതാണ് ഈ ശാസ്ത്രീയജ്ഞാനം. എന്നാൽ, എന്തുകൊണ്ടിങ്ങിനെ സംഭവിച്ചു എന്ന ചോദ്യത്തിന് ആധുനിക ശാസ്ത്രത്തിൽ ഉത്തരമുണ്ടാകില്ല. അതു പ്രപഞ്ചനിയമമായിരുന്നു എന്നുമാത്രമേ പറയുവാൻ സാധിക്കൂ! ആത്മീയജ്ഞാന- വീക്ഷണ-ത്തിലൂടെ മാത്രമേ ഇതിന്നുത്തര മായിട്ടുള്ള പ്രപഞ്ച തേജസ്സിനെക്കുറിച്ചു വിശദീകരിക്കാനാകൂ.

ആറ്റത്തെക്കുറിച്ച് സമഗ്രജ്ഞാനമുള്ള ഒരു Physicist ന് പോലും എന്തുകൊണ്ട് ഇലക്ട്രോണുകൾ വ്യക്തമായ പന്ഥാവിലൂടെ ഇത്രയും വേഗത്തിൽ ഭ്രമണം ചെയ്യുന്നു എന്ന പ്രശ്നത്തിന് പ്രകൃതി നിയമമാണെന്ന ആത്മീയ ഉത്തരമേ നൽകാനാകൂ. ജീവനുള്ള ഓരോ കോശത്തിലും ജീവശാസ്ത്രപരമായ രാസപ്രക്രിയകൾ വ്യക്തമായ പന്ഥാവിലൂടെ എന്തുകൊണ്ട് നടക്കുന്നു, മറ്റൊരുവിധത്തിൽ എന്തുകൊണ്ട് സംഭവിക്കുന്നില്ല, എന്നതിനും ആധുനിക ശാസ്ത്രത്തിൽ ഉത്തരം ലഭ്യമല്ലതന്നെ. ഇവിടെയാണ് ആത്മീയ വിദ്യയുടെ പ്രസക്തിയും പ്രാധാന്യവും! ശാസ്ത്രജ്ഞാനത്താൽ വികസിപ്പിച്ചെടുത്ത ഔഷധങ്ങളും, യന്ത്രങ്ങളും കൂടാതെ മറ്റെല്ലാ സുഖസൗകര്യങ്ങളും ശരീരത്തിൻെറ വേദനകളെ അകറ്റുവാൻ ഉപയോഗിക്കാമെന്ന നിർദ്ദേശം ഇതിൽവ്യക്തമായിതരുന്നുമുണ്ട്. അതായത് വിദ്യയെപോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് അവിദ്യയുടെ ഗുണഫലങ്ങളും എന്നുസാരം.

**9. അന്ധം തമഃ പ്രവിശന്തി യേ അവിദ്യാമുപാസതേ**

**തതോഭൂയ ഇവ തേ തമോ യ ഉ വിദ്യായാം രതാഃ**

അവിദ്യയെയുപാസിക്കുന്നവരന്ധതമസ്സിലും

പോകുന്നു വിദ്യാരതരങ്ങതേക്കാൾ കൂരിരുട്ടിലും.

**ഭൗതികശാസ്ത്രത്തിലൂടെ ലഭിക്കുന്ന വിജ്ഞാനം (അവിദ്യ) മാത്രമാണ് യഥാർത്ഥ പൂർണ്ണജ്ഞാനമെന്ന് വിശ്വസിച്ച്, അതുമാത്രം ഉപാസിക്കുന്നവർ ഘോരമായ ഇരുട്ടിലേക്കാണ് പ്രവേശിക്കുന്നത്. ആത്മീയജ്ഞാനമായ വിദ്യമാത്രമാണ് യഥാർത്ഥപൂർണ്ണജ്ഞാന മെന്നു വിചാരിച്ചുപാസിക്കുന്നവരും അതേ ഘോരാന്ധകാര ത്തിലേക്കുതന്നെ പ്രവേശിക്കുന്നു.**

ഭൗതികശാസ്ത്രത്തിൻെറ അടിത്തറയില്ലാതെ ലഭിക്കുന്ന അറിവ് ഊഹത്തിൻേറയും, സ്വപ്നത്തിൻേറയും, നിഴലിൻേറയും



Scanned with CamScanner

സ്വഭാവംപോലെ അവാസ്തവമായിരിക്കും. അതുപോലെ ആന്തരികജ്ഞാനമില്ലാത്ത ഭൗതീക ശാസ്ത്രദർശന/വിവരണങ്ങളിൽ ഏറെ പ്രശ്നങ്ങൾക്ക് ഉത്തരം ലഭ്യമല്ലാതെയുംവരുന്നു. അതിനാൽ വിദ്യയും അവിദ്യയും കൂടാതെ സമഗ്രജ്ഞാനം ലഭിക്കുന്നില്ല. വ്യക്തിക്കും, സമൂഹത്തിനും, രാഷ്ട്രത്തിനും അവശ്യം വേണ്ട ധാർമ്മിക ശാസ്ത്രീയ സമഗ്രജ്ഞാനമാണിത്.

ഒരു ശരീരം പൂർണമായും ബ്രഹ്മചൈതന്യമാണെന്ന് വിചാരിക്കുന്നത് അന്ധമായ വിശ്വാസംമാത്രമാണ്. ശരീരത്തിലെ സമ്പൂർണ രാസവസ്തുക്കളുടേയും സാന്നിദ്ധ്യം ജീവന്റെ നിലനിൽപിനാവശ്യമാണ്. അതിനാൽ ഇവയുടെ ശാസ്ത്രീയ ജ്ഞാനവും അത്യന്താപേക്ഷിതമാണ്. അപ്രകാരംതന്നെ ശരീരം ഈ രാസവസ്തുക്കളുടെമാത്രം കൂടാരമാണെന്ന് വിശ്വസിച്ചാൽ അതും അന്ധന്റെ വിശ്വാസമാണ്. അപ്രകാരമായിരുന്നെങ്കിൽ മരണസമയത്ത് എന്താണ് നഷ്ടപ്പെടുന്നതെന്ന് വിവരിക്കുവാൻ സാധിക്കുകയുമില്ല. ഭൗതികവിജ്ഞാനത്തിന്റെ കാര്യത്തിൽപോലും, പ്രത്യക്ഷ ജ്ഞാനത്തിലൂടെ നിശ്ചേഷ്ടമായ വസ്തുക്കളിൽ നിന്നു ലഭിക്കുന്ന അറിവുമാത്രം പൂർണമാകുന്നില്ല. പരമാണുവിന്റെ നിരന്തരചലനവും അവയുടെ കാരണവും ചേർത്ത് പഠിക്കുന്നതിലൂടെ മാത്രമേ അതിനെക്കുറിച്ചുള്ള സമഗ്രജ്ഞാനമാകൂ!

**10. അന്യദേവാഹുർവിദ്യയാ അന്യദാഹു രവിദ്യയാ**
**ഇതി ശുശ്രുമ ധീരാണാം യേ നസ്തദ്വിചചക്ഷിരേ**

അവിദ്യകൊണ്ടുള്ളതന്യം വിദ്യകൊണ്ടുള്ളതന്യമാം
എന്നു കേൾക്കുന്നിതോതുന്ന പണ്ഡിതന്മാരിൽ നിന്നുനാം.

**ആത്മീയമായി വിദ്യയിലൂടെ ലഭിക്കുന്നത് ജ്ഞാനത്തിന്റെ ഒരു ഭാഗം മാത്രമാണ്. അവിദ്യയിലൂടെ ലഭിക്കുന്നത് ജ്ഞാനത്തിന്റെ രണ്ടാം ഭാഗവും. പണ്ഡിതന്മാരും ധിഷണാശാലികളുമായ ഋഷിവര്യന്മാരാണ് ഇങ്ങിനെ പറഞ്ഞിരിക്കുന്നത്.**

ബാഹ്യമായ ഭൗതികജ്ഞാനത്തെക്കുറിച്ചും ആന്തരികമായ ആത്മജ്ഞാനത്തെക്കുറിച്ചും 9, 11 ശ്ലോകങ്ങളിൽ വ്യക്തമായി വിവരിച്ചിട്ടുണ്ട്. ആധുനിക ഊർജ്ജതന്ത്ര-ഭൗതിക-രസതന്ത്ര-



Scanned with CamScanner

സാമൂഹ്യ ശാസ്ത്രജ്ഞന്മാർ ഭൗതീക പ്രത്യക്ഷജ്ഞാനമാണ് കണ്ടെത്തുന്നത്. ആന്തരീക-ആത്മീയ ജ്ഞാനം ഋഷിവര്യന്മാരും മനഃശാസ്ത്രജ്ഞന്മാരും പ്രത്യക്ഷത്തിൽതന്നെ അനുഭവിച്ചറിഞ്ഞിരിക്കുന്നു. രണ്ടു വിഭാഗജ്ഞാനവും അന്ത്യത്തിലൊരു ബിന്ദുവിൽ തന്നെയാണ് എത്തി നിൽക്കുന്നത്. രണ്ടിന്റേയും ആകത്തുകയാണ് പൂർണജ്ഞാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ബ്രഹ്മജ്ഞാനികളിൽ ആന്തരികവും ബാഹ്യവുമായ ജ്ഞാനം നിറഞ്ഞിരിക്കുന്നു.

**12. അന്ധം തമഃ പ്രവിശന്തി യേഽസംഭൂതിമുപാസതേ**

**തതോ ഭൂയ ഇവ തേ തമോ യ ഉ സംഭൂത്യാം രതാഃ**

അസംഭൂതിയെയാരാധിപ്പവരന്ധതമസ്സിലും

പോകുന്നു സംഭൂതിരതരതേക്കാൾ കൂരിരുട്ടിലും.

**ഉൽപത്തി ഇല്ലാത്ത (അസംഭൂതി) ഒന്നിനെമാത്രം ഉപാസിക്കുന്ന വ്യക്തിയും കൂരിരുട്ടിൽ പ്രവേശിക്കുന്നു. അപ്രകാരംതന്നെ ഉൽപത്തിയുള്ളതിനെ (സംഭൂതി) മാത്രം ഉപാസിക്കുന്നവനും കൂരിരുട്ടിൽ തന്നെ പ്രവേശിക്കുന്നു.**

പ്രപഞ്ചത്തിൽ ശാശ്വതമായി അറിഞ്ഞിരിക്കേണ്ട രണ്ട് വസ്തുതകളുണ്ട്. ദ്രവ്യങ്ങളുടെ പിണ്ഡഭാവം (mass) അതുനാശ മുള്ളതും ഉൽപാദിപ്പിക്കപ്പെട്ടതുമായ സംഭൂതിയാണ്. ആ പിണ്ഡത്തിലടങ്ങിയിരിക്കുന്ന ചൈതന്യം നാശരഹിതവും ഉത്ഭവ-നാശ സ്വഭാവങ്ങളില്ലാത്തതും ആയ അസംഭൂതിയാണ് (energy can neither be created nor be destroyed എന്ന ശാസ്ത്രതത്വം ഇവിടെ പ്രസക്തമാണ്) എന്നാൽ Mass can neither be created nor be destroyed എന്ന Law of conservation of mass ആദ്യഭാഗത്തിനെ സംബന്ധിക്കുന്നില്ലേ എന്ന് സംശയം വരാം. ഉത്തരം ലളിതമാണ്. അവയെ ആറ്റങ്ങളുടെ കൂമ്പാരമായി മാത്രം ഗണിച്ചാൽ ഈ തന്മാത്രകളുടേയും, ദ്രവ്യപിണ്ഡത്തിന്റേയും സ്വഭാവം ആറ്റങ്ങൾക്ക് അൽപംപോലുമില്ലെന്ന് വ്യക്തമാകും. കാർബണും, ഹൈഡ്രജനും, ഓക്സിജനും മാത്രം ചേർന്നതാണ് പഞ്ചസാര. ഈ ആറ്റങ്ങൾക്കൊന്നിനും മധുരമില്ല. കൂടാതെ ഈ പഞ്ചസാരയുടെ തന്മാത്രക്ക് ക്ഷയമുണ്ട്. ക്ഷയിച്ചാൽ അത് മൂന്നുതരം (ക്ഷയമില്ലാത്ത)ആറ്റങ്ങൾ മാത്രമായോ അവയുടെ



Scanned with CamScanner

സംയുക്തങ്ങളായോ തീരുന്നു. ഇവിടെ ആറ്റങ്ങൾ അസംഭൂതികളാണ് പഞ്ചസാരയാകട്ടെ സംഭൂതിയും. അതിനാൽ സമഗ്രജ്ഞാനം, ദ്രവ്യജ്ഞാനവും, അവയിലെ ഊർജ്ജ ചൈതന്യജ്ഞാനവും ചേർന്നുണ്ടാകണം. ആറ്റങ്ങളുടെ (അസംഭൂതി) മാത്രം ജ്ഞാനത്താൽ സംയുക്തങ്ങളുടെ (സംഭൂതി) ഗുണ-ദോഷ വിശേഷങ്ങൾ ലഭ്യമല്ല. അതുപോലെ മറിച്ചും!

**13. അന്യദേവാഹുഃ സംഭവാദന്യദാഹുരസംഭവാത്**

**ഇതി ശുശ്രുമ ധീരാണാം യേ നസ്തദ്വിചചക്ഷിരേ.**

സംഭൂതികൊണ്ടുള്ളതന്യമസംഭൂതിജമന്യമാം

എന്നു കേൾക്കുന്നിതോതുന്ന പണ്ഡിതന്മാരിൽ നിന്നുനാം.

**ദ്രവ്യങ്ങളുടെ സംഭൂതി-ഭൗതിക - പിണ്ഡജ്ഞാനത്തിലൂടെ ലഭിക്കുന്നത് ഒരു ഭാഗം അറിവുമാത്രമാണ്. ഊർജ്ജ ജ്ഞാനത്തിലൂടെ -ആന്തരിക ജ്ഞാനത്തിലൂടെ- അസംഭൂതിയുടെ അറിവിൻെറ മറ്റൊരുഭാഗവും ലഭ്യമാകുന്നു. എന്ന് ധിഷ്ണാ ശാലികളായ പണ്ഡിതർ പറയുന്നു.**

ആറ്റങ്ങളും,ഊർജ്ജവും ചേർന്ന അസംഭൂതിയുടേയും സംഭൂതിയുടേയും, മറ്റു ഗുണവിശേഷങ്ങളുടേയും, ജ്ഞാനമാണ് സമഗ്രജ്ഞാനം എന്നു വിവരിച്ചുകഴിഞ്ഞുവല്ലോ!

ജീവശാസ്ത്രപരമായി കോശങ്ങളുടെ ഭൗതിക രൂപവും ഘടനയും സംഭൂതി (ജനിച്ചതും, നശിക്കുന്നതും)യാണെങ്കിലും അവയുടെ ജ്ഞാനം അനിവാര്യമാണ്. ജ്ഞാനത്തിൻെറ ഒരു ഭാഗം മാത്രമാണിത്. സെല്ലുകളിലോരോന്നിലും പ്രവർത്തിക്കുന്ന ജീവൻെറ അംശമാണ് - ജനന മരണങ്ങളില്ലാത്ത - അസംഭൂതിയായ ആത്മചൈതന്യം. അത് ജ്ഞാനത്തിൻെറ രണ്ടാം ഭാഗവുമാണ്. ഇവയുടെ രണ്ടിൻേറയും ആകത്തുകയാണ് സമഗ്രജ്ഞാനം. എന്താണ് കോശം എന്ന ജ്ഞാനവും (സംഭൂതി) ഇതെങ്ങിനെ വ്യക്തമായ ദിശയിൽ പ്രവർത്തിക്കുന്നു (അസംഭൂതി) എന്ന ജ്ഞാനവും ചേർന്ന് സമഗ്രവീക്ഷണമുണ്ടാകണം. അതുമാത്രമേ പൂർണജ്ഞാനം എന്ന പദത്തിന് യോഗ്യമാകൂ.

**14. സംഭൂതിംച വിനാശംച യസ്തദ്വേദോഭയംസഹ**

**വിനാശേന മൃത്യും തീർത്വാഽസംഭൂത്യാമൃതമശ്നുതേ**



Scanned with CamScanner

വിനാശംകൊണ്ടു മൃതിയെക്കടന്നമൃതമാം പദം

സംഭൂതികൊണ്ടു സംപ്രാപിക്കുന്നു രണ്ടുമറിഞ്ഞവർ

ഭൗതികവും നാശ സഹിതവുമായ ദ്രവ്യ ഗുണദോഷ ജ്ഞാനവും, ദ്രവ്യങ്ങളുടെ അടിസ്ഥാന നാശരഹിതമായ ചൈതന്യ ജ്ഞാനവും ചേർന്നതാണ് സമഗ്രജ്ഞാനം. ഇവയിൽ ദ്രവ്യങ്ങളുടെ ജ്ഞാനമുപയോഗിച്ച് ജീവിതം ധന്യമാക്കുക (സുഖസമൃദ്ധി നേടുക). അവയുടെ അടിസ്ഥാനജ്ഞാനം നേടി അമരത്വത്തെ (ശാശ്വതമായ പ്രപഞ്ചചൈതന്യജ്ഞാനത്തിലൂടെ) പ്രാപിക്കുക. (ഈ വരികളുടെ സമാന്തരവിവരണം 11ാം ശ്ലോകത്തിലുണ്ട്)

ഔഷധസസ്യങ്ങളുടെ ഉദാഹരണം ഈ വരിയുടെ അർത്ഥം കൂടുതൽ വ്യക്തമാക്കും. അസംഭൂതി (സ്വയം ഉത്ഭവിച്ച് നാശഹീനമായവ) യായ ഔഷധസംയുക്തസ്വഭാവമാണ് ഓഷധികളിലുള്ളത്. ഈ ഗുണങ്ങളെക്കുറിച്ച്, ആധുനികശാസ്ത്രമോ അനുഭവജ്ഞാനമോ ഉപയോഗിച്ച് മനസ്സിലാക്കാം. ഓഷധിയാകട്ടെ ജനന മരണമുള്ളതാണ്. അതുപയോഗിച്ച് മനുഷ്യന്റെ രോഗ-വേദനകളായ മൃത്യുവിനെ അതിജീവിക്കുകയും ചെയ്യാം. അസംഭൂതിയായ ഔഷധഗുണം ദ്രവ്യതന്മാത്രകളായി സംഭൂതിയായ ഔഷധ സസ്യങ്ങളിൽ വർത്തിക്കുന്നു.

ഈ സിദ്ധാന്തത്തിലാകാം മന്ത്രധ്വനി (Sound energy) അസംഭൂതമായ ഔഷധമായി (ആധുനികശാസ്ത്രപ്രകാരം Psycholinguistic effect on body) സംഭൂതമായ (ദ്രവ്യം) തീർത്ഥം, പ്രസാദം, ഭസ്മം എന്നിവയിലൂടെ നൽകുന്നത്. (അസംഭൂതി = സ്വയം ജനിച്ച ആറ്റങ്ങളും, ഊർജ്ജ ചൈതന്യവും. സംഭൂതി നാശത്തിനു വിധേയമായതും രൂപ ഭാവവ്യത്യാസങ്ങൾ ബാധിക്കുന്നതുമായ ദ്രവ്യം.)

15. ഹിരണ്മയേന പാത്രേണ സത്യസ്യാപിഹിതം മുഖം

തത്ത്വം പൂഷന്നപാവൃണു സത്യധർമ്മായ ദൃഷ്ടയേ

മൂടപ്പെടുന്നു പൊൻപാത്രം കൊണ്ടു സത്യമതിൻമുഖം

തുറക്കുകതുനീ പൂഷൻ! സത്യധർമ്മനുകാണുവാൻ.

വസ്തുക്കളുടെ യാഥാർത്ഥ്യവും, ദ്രവ്യത്തിന്റെ യഥാർത്ഥരൂപവും സ്വർണനിറത്തിലുള്ള ആവരണംകൊണ്ട് മൂടിയി



Scanned with CamScanner

രിക്കുകയാണ്. സത് എന്തെന്നും അതിൻെറ പ്രപഞ്ചദത്തമായ പന്ഥാവ് (ധർമ്മം) എന്തെന്നും മനസ്സിലാക്കുവാൻ, പുറമേ കാണുന്ന ആവരണം നീക്കം ചെയ്യേണ്ടതാണ്. (സത്യം അറിയണമെങ്കിൽ കാര്യങ്ങളുടെ ഉള്ളിലേക്ക് ഇറങ്ങിചെല്ലണം ഉപരിപ്ലവമായ വീക്ഷണവും ജ്ഞാനവും മതിയാവുകയില്ല). സാധാരണ മനുഷ്യന് ദൃഷ്ടിഗോചരമാകുന്നത്, പ്രപഞ്ചത്തിലെ ചരാചരങ്ങളിലും വസിക്കുന്ന സത്തും അല്ല സത്യവും അല്ല. മറിച്ച് അവയുടെ ബാഹ്യമായ ആവരണത്തിൻെറ തിളക്കം മാത്രമാണ്. നാം ദർശിക്കുന്ന വസ്തുക്കൾക്ക് എന്തെല്ലാം വിധത്തിലുള്ള നിറം, രൂപം, ഭാവം, അവസ്ഥകളാണുള്ളത്. ഇവയെല്ലാം ഭൗതീക സ്വഭാവം അഥവാ തിളക്കം മാത്രമാണ് സത്തും, സത്യവും ദർശിക്കണമെങ്കിൽ, വസ്തുതയുടെ സമഗ്രമായ അന്തർജ്ഞാനം കൂടി ലഭിച്ചാലേ സാധ്യമാകൂ. സത്ത് സത്യമായിത്തീരുന്ന പന്ഥാവാണ് ധർമ്മം. ധർമ്മദർശനത്തിനും അന്തർജ്ഞാനം ആവശ്യം തന്നെ.

ഭൗതീകശാസ്ത്രപ്രകാരം, ഓരോ മൂലകത്തിൻേറയും സ്വഭാവ വ്യത്യാസം എന്നുപറയുന്നത് ഒരേസ്വഭാവമുള്ള പ്രോട്ടോണുകളുടേയും ന്യൂട്രോണുകളുടേയും, ഇലക്ട്രോണുകളുടേയും എണ്ണത്തിലെ വ്യത്യാസം മാത്രമാണ്. ഈ മൂന്ന് അണുഘടകങ്ങളുടേയും ഗുണങ്ങൾ എല്ലാആറ്റങ്ങളിലും ഒന്നുപോലെതന്നെ. അടിസ്ഥാനപരമായി ശാസ്ത്ര ലോകത്തിന്നറിയാവുന്ന 30 ലക്ഷം ജൈവ (Organic compounds) സംയുക്തങ്ങളുടേയും 1 ലക്ഷം ജൈവേതര (Inorganic compound) സംയുക്തങ്ങളുടേയും ഘടന ഒന്നുതന്നെ. അതായത് അവയെല്ലാം പ്രോട്ടോണുകളും ന്യൂട്രോണുകളും ഇലക്ട്രോണുകളും ചേർന്നുണ്ടായിട്ടുള്ളതാണ്. അതു മനസ്സിലാക്കുവാൻ, പരമാണു വിനെക്കുറിച്ചുള്ള ജ്ഞാനം ലഭിക്കണം. പരമാണുക്കൾ വിവിധ രീതിയിൽ ഒന്നുചേർന്ന് നമ്മുടെ കൺമുമ്പിൽ കാണുന്നതാണ് ബാഹ്യസ്വഭാവവും ഗുണദോഷങ്ങളുമുള്ള ദ്രവ്യങ്ങൾ. അൽപവും കൂടി ഗഹനമായി ചിന്തിച്ചാൽ ഇലക്ട്രോണുകളും പ്രോട്ടോണുകളും ന്യൂട്രോണുകളും ഐൻസ്റ്റീൻെറ സിദ്ധാന്തപ്രകാരം ($E = mc^2$) ഊർജ്ജമാക്കി മാറ്റാവുന്നതാണ്. അതായത് എല്ലാ ദ്രവ്യത്തിൻേറയും സത് എന്നത്പോലും ഊർജ്ജം തന്നെ എന്നർത്ഥം. അതറിയുവാൻ ഗഹനജ്ഞാനം ആവശ്യമാണ് എന്ന് ശ്ലോകസാരം. ഈവരികൾക്ക് ജീവശാസ്ത്രപരമായ അർത്ഥവും നൽകാമല്ലോ. ജീവജാലങ്ങളുടെ സമഗ്രജ്ഞാനം അവയുടെ ബാഹ്യരൂപത്തിൽ വ്യക്തമാകുന്നതല്ല.



Scanned with CamScanner

ത്വക്കിൻെറ ഉള്ളിലേക്ക് ദർശിച്ചാലേ യഥാർത്ഥ ജീവിയുടെ ഘടന ലഭ്യമാകൂ. ത്വക്ക് എന്ന ആവരണം മാറ്റിയാലേ യഥാർത്ഥ ജീവൻെറ തുടിപ്പ് അറിയുവാൻ സാധിക്കൂ!

**16. പൂഷന്നേകർഷേ യമ സൂര്യ**

**പ്രാജാപത്യ വ്യൂഹരശ്മീൻ സമൂഹ**

**തേജോ യത്തേരൂപം കല്യാണതമം**

**തത്തേ പശ്യാമി യോ ഽസാവസൗപുരുഷഃ സോഽഹമസ്മി**

പിറന്നാദിയിൽ നിന്നേകനായി വന്നങ്ങു സൃഷ്ടിയും
സ്ഥിതിയും നാശവും ചെയ്യും സൂര്യ മാറ്റുക രശ്മിയെ;
അടക്കുകിങ്ങുകാൺമാനായ് നിൻ കല്യാണകളേബരം
കണ്ടുകൂടാത്തതായ് കണ്ണുകൊണ്ടുകാണപ്പെടുന്നതായ്.
നിന്നിൽ നിൽക്കുന്ന പുരുഷാകൃതിയേതാണതാണു ഞാൻ.

സമഗ്രമായ ആന്തരിക ചൈതന്യത്തിൻെറ സ്വഭാവ മാണിവിടെ വീണ്ടും വിവരിക്കുന്നത്. സർവചരാചരങ്ങളേയും പോഷിപ്പിക്കുന്നതും, നിയന്ത്രിക്കുന്നതും, സൂര്യതേജസ്സുള്ളതും, സർവ്വസൃഷ്ടിയുടേയും ആധാരചൈതന്യവും, ആയ രൂപം എനിക്കു ദർശിക്കുവാൻ സാധിക്കുന്നു. ഉജ്ജ്വലപ്രഭയാർന്ന ആ ചൈതന്യം, മംഗളകരമായ, പ്രപഞ്ച (പുരുഷ) ചൈതന്യം, ഞാനിതാ കാണുന്നു.

ദ്രവ്യത്തിൻെറ അതിസൂക്ഷ്മമായ ഘടനയിലെത്തിയപ്പോൾ ആധുനികശാസ്ത്രജ്ഞൻ ദർശിച്ചതും അത്യുജ്ജ്വലവേഗത്തിൽ പ്രത്യേക പന്ഥാവിലൂടെ മിന്നിമറയുന്ന ഇലക്ട്രോണുകളും, അവയ്ക്കുള്ളിൽ അവാച്യവേഗതയിൽ സ്വയം ഭ്രമണം ചെയ്യുന്ന (Spinning) ന്യൂക്ലിയസ്സുമാണ്. ഇലക്ട്രോണുകളാകട്ടെ Schroodinger എന്ന പ്രശസ്ത ശാസ്ത്രജ്ഞൻെറ വിവരണ പ്രകാരം തരംഗ (ഊർജ്ജ) സ്വഭാവവും, (ദ്രവ്യ) പിണ്ഡസ്വഭാവവും ചേർന്നതാണ്. ഇത് ചരാചരങ്ങളിലെ സർവ്വ തന്മാത്രകളിലും പരമാണുക്കളിലും ഒരേപ്രകാരമാണ് എന്ന് ഭൗതികശാസ്ത്രജ്ഞനും ഋഷിയെപോലെ ദർശിച്ചുകഴിഞ്ഞു.

സർവ്വകോശങ്ങളേയും അതിസൂക്ഷ്മമായി ദർശിക്കുവാൻ ശ്രമിച്ച ജീവശാസ്ത്രജ്ഞനും കണ്ടത്, ഓരോ കോശത്തിലും സ്വയം



Scanned with CamScanner

പ്രവർത്തിക്കുന്ന ന്യൂക്ലിയസും, ട്രക്കീഡ്സും, ക്രോമസോമും, ഗോൾഗൈ ബോഡികളുമാകുന്നു. എല്ലാമെല്ലാം സ്വയം ജീവ ചൈതന്യവാഹികളായി തിളങ്ങുന്നു. എല്ലാ ജന്തുക്കളുടേയും, സസ്യങ്ങളുടേയും ശരീരകോശങ്ങളിലും ഒരേപോലെതന്നെ ഇവ പ്രവർത്തിക്കുന്നു. നിർജ്ജീവമായ ആറ്റത്തിലും, സജ്ജീവമായ കോശത്തിലും!

**17. വായുരനിലമമൃതമഥേദം ഭസ്മാന്തം ശരീരം**

**ഓം ക്രതോസ്മര കൃതംസ്മര ക്രതോസ്മര കൃതംസ്മര**

**പ്രാണൻ പോമന്തരാത്മാവിൽ പിൻപുനീറാകുമീയുടൽ**

**ഓമെന്നു നീ സ്മരിക്കാത്മൻ കൃതം സർവ്വം സ്മരിക്കുക**

**വായുവും, അഗ്നിയും, മരണമില്ലാത്ത (നാശമില്ലാത്ത) ദ്രവ്യമൂലകങ്ങളുടെ പരമാണുക്കളും (അവയ്ക്ക് നാശമില്ലാ ത്തതിനാൽ അവ അമൃതസ്വഭാവമുള്ളതെന്നിവിടെ പറയുന്നു) ചേർന്ന മനുഷ്യശരീരം അന്ത്യത്തിൽ ഭസ്മമായിത്തീരുന്നു. ക്ഷയ – നാശങ്ങൾക്കു അത് വിധേയമാകുന്നു.** ഇതാണ് ശാശ്വതസത്യം, ഇത്മനസ്സിലാക്കിയ ഭൗതികശാസ്ത്രജ്ഞന്മാരും ആത്മീയ ആചാര്യന്മാരും ഒരേസ്വരത്തിൽ ആഹ്വാനം ചെയ്യുന്നു!: **ഈ പ്രപഞ്ചമായ Macrocosm ത്തിന്റെ ഇന്നത്തെ അവസ്ഥ ചിന്തിക്കുക (present state).**

ഇന്ന് എന്റെ ശരീരത്തിലുള്ള പരമാണുക്കളും അവ ചേർന്ന തന്മാത്രകളും ഇന്നലെവരെ പലജന്തുക്കളുടേയും പല സസ്യങ്ങളുടേയും ശരീരഭാഗങ്ങളിലായിരുന്നു. ലക്ഷോപലക്ഷം വർഷങ്ങളായി പല ശരീരങ്ങളുടേയും ഭാഗമായി ഇവയുണ്ടായിരുന്നു. ഇന്നിതാ എന്റേയോ എന്റെ ബന്ധുക്കളുടേയോ ശരീരഭാഗമായി ഈ പരമാണുക്കൾ തീർന്നിരിക്കുന്നു. എന്റെ ശരീരനാശത്തിനു ശേഷം അത് വായുവിലും മണ്ണിലും അലിഞ്ഞ് മറ്റൊരു ജീവജാലത്തിന്റെ ഭാഗമായിത്തീരും. ഈ ചക്രം തുടരുകതന്നെ ചെയ്യും. പ്രപഞ്ചത്തിലേക്കലിഞ്ഞു ചേരുന്നതായിരിക്കും, എന്റെ ഊർജ്ജചൈതന്യം. അങ്ങിനെ ഓരോ പരമാണുവിനും നിരന്തരമായി പുനർജ്ജനനം ഉണ്ടാകുന്നു. പ്രപഞ്ചഊർജ്ജത്തിനും അതുപോലെ നിരന്തരമായ പല ശരീരങ്ങളിലൂടെ, പുനർജ്ജനനം ഉണ്ടാകുന്നു. ജീവജാലങ്ങളിൽ നിന്നും നിർജ്ജീവവസ്തുക്കളിലെ തന്മാത്രകളിൽ നിന്നും പ്രപഞ്ചത്തിലേക്കും, പ്രപഞ്ചത്തിൽ നിന്ന് തിരിച്ച് ജീവജാലങ്ങളിലേക്കും, നിർജ്ജീവ



Scanned with CamScanner

വസ്തുക്കളിലേക്കും - ഒരു വൃത്തം - നിരന്തരമായി നടന്നുകൊണ്ടിരിക്കുന്ന ദ്രവ്യാണുക്കളുടേയും, ദ്രവ്യോർജ്ജത്തിൻേറയും വൃത്ത പരിണാമമാണിത്! സസ്യമായും, ജന്തുവായും, സൂക്ഷ്മജീവിയായും, മനുഷ്യനായും, Nitrogen cycle എന്ന് രസതന്ത്രത്തിൽ വിവരിക്കുന്നതുപോലെ, ഒരു atom cycle ഉം മറ്റൊരു Energy cycle ഉം ഈ പ്രപഞ്ചത്തിൽ നടന്നു കൊണ്ടിരിക്കുന്നു. ശരീരങ്ങൾ നശിക്കുമ്പോഴും പരമാണുക്കളും ഊർജ്ജവും നശിക്കാതെ ശാശ്വതമായി നിലനിൽക്കുന്നു. **അതിനെക്കുറിച്ച് ചിന്തിക്കുക! (past and future state)** അപ്പോൾ ആത്മീയമായും ശാസ്ത്രീയമായും വ്യക്തമാകുന്ന ഒരു സത്യമുണ്ട്. **പ്രപഞ്ചത്തിലെ ഊർജ്ജവും ദ്രവ്യത്തിലെ പരമാണുക്കളും ഈ ലോകത്തിൽ ഭൂത-ഭാവി-വർത്തമാന അവസ്ഥകൾക്കതീതമാണ് എന്ന്.** അവ ശാശ്വതമാണ്. ശാശ്വതമല്ലാത്തത് ഈ ശരീരം മാത്രമാണ്. മനുഷ്യൻ ഏറ്റവുമധികം സ്നേഹിക്കുകയും, ദ്വേഷിക്കുകയും, വെറുക്കുകയും ചെയ്യുന്ന ശരീരങ്ങൾ! ഇവയെക്കുറിച്ചെല്ലാം സ്മരിക്കുക!

**18. അഗ്നേ നയ സുപഥാ രായേ അസ്മാൻ**
**വിശ്വാനി ദേവ വയുനാനി വിദ്വാൻ**
**യുയോധ്യസ്മജ്ജുഹുരാണമേനോ**
**ഭൂയിഷ്ഠാം തേ നമ ഉക്തിം വിധേമ.**

**അഗ്നേ ഗതിക്കായ് വിടുക സന്മാർഗ്ഗത്തൂടെ ഞങ്ങളെ**
**ചെയ്യും കർമ്മങ്ങളെല്ലാവുമറിഞ്ഞിടുന്ന ദേവ നീ**
**വഞ്ചനം ചെയ്യുമേനസ്സു ഞങ്ങളിൽ നിന്നുമാറ്റുക**
**അങ്ങേയ്ക്കു ഞങ്ങൾ ചെയ്യുന്നു നമോവാകം മഹത്തരം**

പ്രപഞ്ചത്തിൽ സൃഷ്ടിയും നാശവും ഇല്ലാത്തതാണ് ഊർജ്ജ ചൈതന്യം - അസംഭൂതി - എന്നു വിവരിച്ച് അതിനെക്കുറിച്ചറിയുവാനും ആത്മീയ ജ്ഞാനമായ വിദ്യയിലൂടെ അമരത്വത്തെ പ്രാപിക്കാനും ഉപനിഷദ് ആഹ്വാനം ചെയ്തു. ഈശാവാസ്യ ഉപനിഷദന്ത്യത്തിലെ ഈ വരികളിൽ പ്രത്യക്ഷമായി ദർശിക്കാവുന്ന അസംഭൂതിയും, ആത്മീയ ചൈതന്യ രൂപവുമായ അഗ്നിയോടാണ് പ്രാർത്ഥന നടത്തിയിരിക്കുന്നത്. പ്രത്യക്ഷമായി ഭൗതികരൂപത്തിൽ കാണുവാൻ സാധിക്കുന്ന ഒരു ഊർജ്ജമാണല്ലോ അഗ്നി. ജീവനുള്ള



Scanned with CamScanner

സർവ്വതിൻേറയും ആധാരവും അതാതു ജീവജാലത്തിലെ ശരീരാഗ്നിയാണ്. അതിനാൽ **ഹേ അഗ്നേ നല്ല പന്ഥാവിലൂടെ ഞങ്ങളുടെ ശരീരത്തേയും മനസ്സിനേയും നയിക്കുക. സർവ്വതി ൻേറയും ആധാരഭൂതമായ അഗ്നേ! ഞങ്ങളുടെ മനസ്സിൽ ഒളിഞ്ഞിരിക്കുന്ന അപഥചിന്താധാരകളെ ഇല്ലാതാക്കുവാൻ സാധിക്കുന്ന അങ്ങേക്ക് ഞങ്ങൾ സ്തുതി ചൊല്ലി നമസ്കരിക്കുന്നു.**

ആത്മീയ ചൈതന്യവും ഭൗതീകചൈതന്യവും നിറഞ്ഞു നിൽക്കുന്ന ഊർജ്ജശക്തിതന്നെയാണ് അഗ്നി. ഭൗതികശാസ്ത്രവും. കർമ്മങ്ങളുടെ (process) ആധാരമായി ഊർജ്ജത്തെ കാണുന്നു. ഊർജ്ജത്തിലുണ്ടാകുന്ന എല്ലാ വ്യതിയാനങ്ങളും ചരാചരങ്ങളിലെ പ്രവർത്തനത്തെ ബാധിക്കുന്നു. ഭൗതികമോ, രാസപരമോ, ജീവശാസ്ത്രപരമോ, മറ്റേതെങ്കിലും വിധത്തിലുള്ളതോ ആയ പ്രവർത്തനങ്ങളെ സർവഥാ സ്വാധീനിക്കുന്ന ഒരേ ഒരു ഘടകം ഊർജ്ജമാണ്. അതുകൊണ്ടുതന്നെ തെർമോഡൈനാമിക്സ് എല്ലാ ആധുനിക ശാസ്ത്രവിജ്ഞാനങ്ങളുടേയും ഭാഗമായിതീർന്നിരിക്കുന്നു. ആത്മീയ വീക്ഷണത്തിലൂടെ നോക്കിയാൽ മനുഷ്യൻെറ ഭൗതികശരീരത്തിലെ ഭാഗങ്ങൾ നീക്കം ചെയ്താലും ആ ശരീരം അപവിത്രമോ പ്രവർത്തനരഹിതമോ ആകുന്നില്ല. എന്നാൽ ശരീരാന്തർഭാഗത്ത് നഗ്നനേത്രങ്ങളാൽ കാണുവാൻ സാധിക്കാത്ത ഊർജ്ജം ഏതുനിമിഷം നീങ്ങുന്നുവോ ആ നിമിഷം മുതൽ ശരീരം അപവിത്രമാകുന്നു, നിർജ്ജീവമാകുന്നു. അതിനാൽ **ഭൗതികവും ആന്തരികവുമായ സമസ്ത പ്രവർത്തനങ്ങളേയും സന്മാർഗത്തിലൂടെ നയിക്കേണമേ എന്ന പ്രാർത്ഥന ശാസ്ത്രജ്ഞൻേറയും ഋഷിയുടേയും പ്രാർത്ഥനകൾ തന്നെ!**

❐

(മലയാള ഉപനിഷദ് ശ്ലോക തർജ്ജിമ പരമപൂജനീയ ശ്രീനാരായണഗുരുദേവൻേറത്.)



Scanned with CamScanner

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
## തിരുവനന്തപുരം

ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ സമ്പൂർണ ഭാരതീയ ചിന്താധാരകളുടെ ശാസ്ത്രീയ വിശകലനത്തിനായുള്ള ഒരു സംരംഭമാണ് **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്.** പുരാതനഭാരതത്തിൽ, ആധുനിക ശാസ്ത്രം പൂർണമായും നിലനിന്നിരുന്നു എന്നൊരു തെറ്റിദ്ധാരണ ചിലരിൽ നിലനിൽക്കുന്നു. നമ്മുടെ പൈതൃകം ആത്മീയതയുടെ മാത്രം മാർഗമായിരുന്നു അതിൽ ശാസ്ത്രമേ ഉണ്ടായിരുന്നില്ല എന്ന ഒരന്ധവിശ്വാസവും ഇന്നിവിടെയുണ്ട് വസ്തുതകൾ ഇവക്കു രണ്ടിനും മദ്ധ്യേയാണ് ഗണിതം, ജ്യോതിശാസ്ത്രം, രസതന്ത്രം, ലോഹതന്ത്രം, ആരോഗ്യശാസ്ത്രം, തച്ചുശാസ്ത്രം സംഗീതശാസ്ത്രം. തുടങ്ങി ആധുനിക ശാസ്ത്ര-സാങ്കേതിക നിലവാരമുള്ള അനവധി വിജ്ഞാനഗ്രന്ഥങ്ങളും, വിദ്യകളും ഇവിടെ നിലനിന്നിരുന്നു. നമ്മുടെ വിചാര-വികാര-വിശ്വാസ-ആചാര-കർമ്മങ്ങളിലെല്ലാം, ശുദ്ധശാസ്ത്രീയാംശം വളരെ സ്പഷ്ടമായി ക്കാണുവാനും വിശകലനം ചെയ്യുവാനും സാദ്ധ്യമാണ് ആത്മീയവും ഭൗതീകവുമായ ഭാരത ചിന്താധാരകളിലെ ശാസ്ത്ര സത്യങ്ങൾ പഠിക്കുവാനും, പഠിപ്പിക്കുവാനും, പ്രചരിപ്പിക്കുവാനും വേണ്ടിയുള്ള ആധുനിക ശാസ്ത്രജ്ഞന്മാരുടെ ശ്രമഫലമായാണ് **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് ജന്മം കൊണ്ടത്.**

Scanned with CamScanner